Draft #5 of File 26895/AD A1/3/2021/AD A1 - Part (1) Approved by ASSISTANT REGISTRAR I (ADMIN) on 10-Sep-2021 02:32 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: CMO പോർട്ടൽ - നോഡൽ ഓഫീസറെ നിയമിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4507/AD A1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.09.2021

*പരാമർശം:*-1. അ.ഔ. കത്ത് നം. സിഎംസിസി7/5/2021/സിഎംസിസി തീയതി 07.09.2021.
2. 09.09.2021 തീയതിയിലെ രജിസ്ട്രാറുടെ കുറിപ്പ് നം.രെജി./2/151/2021, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ പൊതുജന പരിഹാര സംവിധാനം വഴി ലഭ്യമായിട്ടുള്ള പരാതികൾ പലതും തീർപ്പാക്കാതെ പല പരീക്ഷാ സെക്ഷനുകളിലും ശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന പരാതികൾക്ക് 15 ദിവസത്തിനുള്ളിൽ മറുപടി CMO പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതും, പരാതിക്കാരന് പരാതിയെ സംബന്ധിച്ചുള്ള മറുപടി നൽകേണ്ടതുമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പരാതികളുടെ നിലവിലെ സ്ഥിതി നിരന്തരം പരിശോധിച്ച് വരുന്നതും, ടി പരാതികളുടെ തീർപ്പാക്കൽ പുരോഗതി നേരിട്ട് വിലയിരുത്തുവാൻ മുഖ്യമന്ത്രി തീരുമാനിച്ചിട്ടുള്ള വിവരവും ബന്ധപ്പെട്ട ഓഫീസിൽ നിന്ന് പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, പരീക്ഷാ സെക്ഷനുകളിൽ തീർപ്പാകാതെ കിടക്കുന്ന പരാതികളിന്മേലുള്ള മറുപടികൾ പരീക്ഷാ വിഭാഗത്തിൽ നിന്നും ലഭ്യമാക്കുന്നതിനായും, ഭാവിയിൽ CMO പോർട്ടലിൽ നിന്നുള്ള പരീക്ഷാ വിഭാഗത്തെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി ശ്രീമതി. ശ്രീലത എൻ, ജോയിൻറ് രജിസ്ട്രാർ-4 (പരീക്ഷാ വിഭാഗം)-നെ ചുമതലപ്പെടുത്തിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

അതോടൊപ്പം, അടിയന്തിര പരിഗണന ആവശ്യമുള്ള പരാതികൾ സംബന്ധിച്ച് നോഡൽ ഓഫീസർ, പരീക്ഷാ കൺട്രോളറുടെ ഓഫീസിലെ സെക്ഷൻ ഓഫീസർ എന്നിവരുടെ യോഗം വിളിച്ചുചേർക്കുന്നതിന് രജിസ്ട്രാർക്ക് അനുമതിയും നൽകിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീമതി. ശ്രീലത എൻ., ജോയിൻറ് രജിസ്ട്രാർ 4 (പരീക്ഷാവിഭാഗം)
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ